കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പള്ളം ബ്ലോക്ക് പഞ്ചായത്ത് - 2011-12 വർഷത്തിൽ പ്രോജക്ട് നമ്പർ 109/2012 പ്രകാരം 39 പട്ടികജാതി കുടുംബങ്ങൾക്കും പ്രോജക്ട് നമ്പർ 113/2012 പ്രകാരം 21 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 100% സബ്സിഡിയിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).2837/14/തസ്വഭവ                    തീയതി, തിരുവനന്തപുരം, 31.10.2014

==========================================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 30.08.2014 ലെ 10211/ഡിപി4/13/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

പള്ളം ബ്ലോക്ക് പഞ്ചായത്ത് 2011-12 വർഷത്തിൽ പ്രോജക്ട് നമ്പർ 109/2012 പ്രകാരം 39 പട്ടികജാതി കുടുംബങ്ങൾക്കും പ്രോജക്ട് നമ്പർ 113/2012 പ്രകാരം 21 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 100% സബ്സിഡിയിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകിയ വിഷയത്തിൽ 100% സബ്സിഡി നൽകിയത് മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ചൂണ്ടിക്കാട്ടിയിരുന്നു. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ കടുത്ത കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശത്ത് താമസിക്കുന്നവരും സ്വന്തമായി മഴവെള്ള സംഭരണി നിർമ്മിക്കുവാൻ സാമ്പത്തിക ശേഷി ഇല്ലാത്തവരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും ആയതിനാലും 100% സബ്സിഡി നൽകിയ പദ്ധതിക്ക് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശ പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പള്ളം ബ്ലോക്ക് പഞ്ചായത്ത് 2011-12 വർഷത്തിൽ പ്രോജക്ട് നമ്പർ 109/2012 പ്രകാരം 39 പട്ടികജാതി കുടുംബങ്ങൾക്കും പ്രോജക്ട് നമ്പർ 113/2012 പ്രകാരം 21 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 100% സബ്സിഡിയിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
രാമൻകുട്ടി.സി.,
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, പള്ളം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ